രിയയുടെ സംഭാവന. തുർക്കി പത്തൊമ്പതു ശതമാനവും മൊറോക്കൊ പതിനാറു ശതമാനവും അത്തർ ഉല്പാദിപ്പിക്കുന്നു. ലോക–അത്തർ ഉല്പാദനത്തിൽ രണ്ടു ശതമാനം ഫ്രാൻസിൽ നടക്കുന്നു. ഇന്ത്യയുടെ അത്തർ ഉല്പാദനം ഫ്രാൻസിന്റേതിനേക്കാൾ കുറവാണ്.

റോസാച്ചെടിയുടെ പൂവുപോലെ ഉപയോഗമുള്ളതാണ് അതിന്റെ കായയും. റോസപ്പഴം (ഇംഗ്ലീഷിൽ ഇതിന് 'ഹിപ്' എന്നു പേർ) നിറയെ വിറ്റാമിൻ ആണത്രേ. രണ്ടാം മഹായുദ്ധകാലത്ത്, മധുരനാരങ്ങയുടെ ഇറക്കുമതി നിലച്ചപ്പോൾ, ബ്രിട്ടനിലെ കുട്ടികളുടെ ആഹാരത്തിൽ സി. വിറ്റാമിന്റെ കുറവു നികത്തിയത് റോസപ്പഴങ്ങൾ വാറ്റിയെടുത്തുണ്ടാക്കിയ സിറപ്പ് ഉപയോഗിച്ചായിരുന്നു. അഞ്ഞൂറുടൺ റോസാപ്പഴം ശേഖരിച്ച് വാറ്റി ഇരുപത്തഞ്ചു ലക്ഷം കുപ്പി സിറപ്പ് അവിടെ നിർമിച്ചുവത്രേ. രണ്ടരലക്ഷം മധുരനാരങ്ങയിലെ സി. വിറ്റാമിനു തുല്യമായിരുന്നു ഈ സിറപ്പിന്റെ പോഷണമൂല്യം. സൗന്ദര്യ–സുഗന്ധ പോഷണമൂല്യങ്ങൾക്കു പുറമെ, വായു മലിനീകരണ പ്രതിരോധമൂല്യവും റോസിനുണ്ട്. നൂറ് ഘന–അടി വായുവിന്റെ മാലിന്യം നീക്കാൻ ആരോഗ്യമുള്ള ഒരു റോസാച്ചെടി മതിയാവും.

ഇന്ത്യയിൽ ഏറ്റവുമധികം റോസക്കൃഷി നടക്കുന്നത് ഉത്തർപ്രദേശിലെ അലിഗഢ് ജില്ലയിലാണത്രേ. അവിടെ ഏതാണ്ട് ആയിരം ഏക്കർ സ്ഥലത്ത് റോസക്കൃഷി ചെയ്തുവരുന്നു. ഉത്തർപ്രദേശിലെ കനൗജ്, ഗാജീപൂർ, കാൺപൂർ, സികന്ദർപൂർ, സഹാരൻപൂർ എന്നീ ജില്ലകളിലും വ്യാവസായികാടിസ്ഥാനത്തിൽ റോസക്കൃഷി വ്യാപിച്ചുവരുന്നുണ്ട്. രാജസ്ഥാനിൽ 'പുഷ്ക്കർ' എന്ന തീർത്ഥയാത്രാസ്ഥാനത്തിനടുത്ത് ധാരാളം പനിനീർപ്പൂന്തോട്ടങ്ങളുണ്ട്. വ്യവസായാടിസ്ഥാനത്തിൽ റോസക്കൃഷി നടക്കുന്ന സ്ഥലങ്ങൾ ഇന്ത്യയിൽ വേറെ അധികമില്ല. ഗൃഹത്തോട്ടങ്ങൾക്കുവേണ്ടി തൈകളുണ്ടാക്കി വില്ക്കുന്ന ചെറിയ സ്ഥാപനങ്ങളെ ഒഴിച്ചുനിർത്തിയാണ് ഇപ്പറയുന്നത്.

തുറന്നസ്ഥലത്ത് (അതായത് 'പച്ചവീട്'കളിലല്ലാതെ) റോസക്കൃഷി നടത്താൻ പറ്റിയതാണ് കേരളത്തിലെ കാലാവസ്ഥ. റോസച്ചെടി ഇഷ്ടപ്പെടാത്തതായി കേരളത്തിലെ പ്രകൃതിയിൽ ഇടവപ്പാതിക്കാലത്തെ തുള്ളിക്കൊരുകുടം പെയ്യുന്ന മഴ മാത്രമേയുള്ളു. റോസക്കൃഷിക്ക് സ്ഥലം കുറച്ചുമതി; ശ്രദ്ധ കൂടുതൽ വേണമെന്നേയുള്ളു. കയറ്റുമതിക്കു പറ്റിയ റോസാപ്പൂക്കൾ ധാരാളമായുണ്ടാക്കിയാൽ അവ തിരുവനന്തപുരം വിമാനത്താവളത്തിൽനിന്നു ഗൾഫിലേക്കു കയറ്റി അയയ്ക്കാനും, യൂറോപ്യൻ ഉല്പാദകരോടു മത്സരിച്ച് ഗൾഫിലെ റോസ് വ്യാപാരത്തിലൊരു പങ്കു പിടിച്ചടക്കാനും നമുക്കു സാധിക്കും.

ഇതിനുള്ള ഒരു പരിപാടി കേരള കാർഷിക സർവകലാശാലയ്ക്ക് ഉണ്ടാക്കാവുന്നതേയുള്ളു.

18 ആഗസ്റ്റ്, 1985

## 83. വേപ്പ്

ആറ്റംബോംബുകൊണ്ടു നശിക്കുന്നില്ലെങ്കിൽ മനുഷ്യവർഗ്ഗം രാസവിഷങ്ങൾകൊണ്ടു നശിക്കാൻ സാദ്ധ്യതയുണ്ടെന്നതാണ് ഭോപ്പാൽ വിഷവാതകദുരന്തത്തിന്റെ പാഠം. പക്ഷേ, ഈ പാഠം പഠിച്ചവർ എത്രയുണ്ട്?

ഭോപ്പാലിൽ വിഷവാതകം ശ്വസിച്ച് മനുഷ്യർ കൂട്ടംകൂട്ടമായും പെ

ട്ടെന്നും മരിച്ചപ്പോൾ അതു പരക്കെ ശ്രദ്ധയാകർഷിച്ചു. കീടനാശിനികളുടെ രൂപത്തിൽ കൃഷിയിൽ ഉപയോഗപ്പെടുത്തുന്ന രാസവിഷങ്ങൾ അകത്തുചെന്നു് ഏഴരലക്ഷം ആളുകൾ ആണ്ടുതോറും രോഗബാധിതർ ആകുന്നുണ്ടെന്നും, അവരിൽ പതിന്നാലായിരം ആളുകൾ ഈ വിഷങ്ങൾമൂലം ആണ്ടുതോറും മൃതിയടയുന്നുണ്ടെന്നും പെനാംഗിലുള്ള 'പെസ്റ്റിസൈഡ് ആക്ഷൻ നെററ്വർക്ക് ഇൻറർനാഷണൽ' എന്ന അന്താരാഷ്ട്രീയ ഗവേഷണ സംഘടന പ്രസ്താവിച്ചിട്ടുണ്ടു്. ഇതു് മനുഷ്യരുടെ കാര്യം. വെള്ളത്തിലും മണ്ണിലും വായുവിലും കലർന്ന രാസവിഷങ്ങൾ നിമിത്തം ചത്തൊടുങ്ങുന്ന പക്ഷികൾ, മത്സ്യങ്ങൾ, കീടങ്ങൾ മുതലായവയ്ക്കു കണക്കില്ല. പക്ഷേ, മെല്ലെയും പ്രകടമല്ലാത്തവിധത്തിലും സംഭവിക്കുന്നതിനാൽ ഈ മരണം ജനശ്രദ്ധയിൽപ്പെടുന്നില്ല.

ഇന്ത്യയിൽ സർക്കാരിന്റെ കൃഷിവികസന പരിപാടികളുടെ ഒരു മുഖ്യലക്ഷ്യം, ബഹുരാഷ്ട്രകുത്തകക്കമ്പനികളും അവരുടെ നാട്ടുശിങ്കിടികളും തയ്യാറാക്കുന്ന രാസവളങ്ങളും കീടനാശിനികളും വലിയ വില കൊടുത്തു വാങ്ങി കൃഷിക്കാരുടെ തലയിൽ കെട്ടിയേല്പിക്കുകയാണെന്നു തോന്നുന്നു. ദീർഘകാലപ്രയോഗത്തിൽ ദോഷകരമാണു് രാസവളം; കീടനാശിയാകട്ടെ ഉടൻ ദോഷം ഉളവാക്കുന്നു. വകതിരിവില്ലാതെ ജീവികളെ നശിപ്പിക്കുന്ന കീടനാശിനികൾ പില്ക്കാലത്തു് കളകളുടെയും ചാഴികളുടെയും തഴച്ചുവളർച്ചയ്ക്കു് കാരണമായിത്തീരുന്നു. കളകളെയും ചാഴികളെയും നശിപ്പിക്കുന്ന ചെറുജീവികൾ കീടനാശിനികൾമൂലം ചത്തൊടുങ്ങുന്നതാണു് ഇതിനു കാരണം. അതേസമയം ഏതു രാസവിഷത്തെയും അതിജീവിക്കാനുള്ള പ്രതിരോധശക്തി കളകളും ചാഴികളും ക്രമത്തിൽ ആർജ്ജിക്കുകയുംചെയ്യുന്നു. നിലവിലുള്ള എല്ലാത്തരം രാസവിഷങ്ങളെയും ചെറുത്തുനില്ക്കാൻ കരുത്തു നേടിയ നാനൂററിമുപ്പത്തിരണ്ടു ഇനം ചാഴികൾ 1980—ൽ തിരിച്ചറിയപ്പെടുകയുണ്ടായി. ഏറെത്താമസിയാതെ ഇനിയും എത്രയോ ഇനം ചാഴികൾ എത്ര ഉഗ്രമായ രാസവിഷത്തിലും നശിപ്പിക്കപ്പെടാൻ കഴിയാത്ത അവസ്ഥയിലെത്തിച്ചേരുമെന്നാണു് ഭക്ഷ്യകാർഷിക സംഘടനയിലെ വിദഗ്ധരുടെ ഭയം.

ആററംബോംബുപോലെ, മനുഷ്യവർഗത്തിനു മനുഷ്യൻതന്നെ വരുത്തിവെച്ച ഒരു വിപത്താണു കീടനാശിനികളായ രാസവസ്തുക്കൾ. ഇവ ഉപയോഗിക്കാതെതന്നെ പാടങ്ങളിലെ വിളകളെയും പത്തായങ്ങളിലെ ധാന്യശേഖരങ്ങളെയും സംരക്ഷിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള മാർഗ്ഗം ആരായുന്നതിനുവേണ്ടി ഭക്ഷ്യകാർഷികസംഘടന ആരംഭിച്ചു നടത്തുന്നതാണു് 'സംയോജിത—ചാഴിനിയന്ത്രണ' പരിപാടി. (ഐ. പി. എം.) ഹവായിയിലുള്ള 'ഈസ്റ്റ്—വെസ്റ്റ് സെൻറർ' മുതലായ പ്രശസ്ത പഠനസ്ഥാപനങ്ങൾക്കു് ഭക്ഷ്യകാർഷികസംഘടനയുടെ ഈ അന്വേഷണത്തിൽ പങ്കാളിത്തമുണ്ടു്.

രാസവിഷങ്ങൾ നിർമിക്കപ്പെട്ടു മാർക്കററിലെത്തിത്തുടങ്ങിയിട്ടു വളരെ വർഷങ്ങളായിട്ടില്ല. അതിനുമുമ്പു കർഷകർ എങ്ങനെയാണു വയലിലെ വിളകളെയും പത്തായത്തിലെ ധാന്യങ്ങളെയും കീടബാധയിൽനിന്നു സംരക്ഷിച്ചിരുന്നതു് എന്നു ഗവേഷകർ അന്വേഷിച്ചുതുടങ്ങി. സസ്യങ്ങൾ ഉപയോഗിച്ചാണു കർഷകർ കീടനിരോധകാര്യം നിർവഹിച്ചിരുന്നതു് എന്നു് അപ്പോൾ മനസ്സിലായി. വേനൽക്കാലത്തു് ഉപയോഗമില്ലാത്ത കമ്പിളിത്തുണികൾ പൂട്ടിവെക്കുമ്പോൾ വടക്കേ ഇന്ത്യയിലെ വീട്ടമ്മമാർ പെട്ടികളിൽ ഉണങ്ങിയ വേപ്പിലകൾ ഇടാറുണ്ടു്. ഈ വേപ്പിലകൾ വിലകൂടിയ കമ്പിളിത്തുണികളെ പാററകളിൽനിന്നു ഫലപ്രദമായി രക്ഷിച്ചിരുന്നു. വിത്തിനുള്ള നെല്ലും ഗോതമ്പും വല്ലങ്ങളിലാക്കി സൂക്ഷിക്കുമ്പോൾ കർഷകർ ഉണങ്ങിയ വേപ്പിലകൂടി ഇടയ്ക്കിടെ

കലർത്തിയിരുന്നു. വിത്തിനെ കീടങ്ങളിൽനിന്നു വേപ്പില സംരക്ഷിച്ചുവന്നു. കുറേക്കഴിഞ്ഞു് എടുത്തു വിതച്ചാൽ ഈ വിത്തു മുളച്ചിരുന്നു. ഇനി കഴുകിയെടുത്തു കുത്തി വേവിച്ചു ചോറാക്കുകയാണെങ്കിൽ, അതിനു് അശേഷം ദുസ്സ്വാദു് ഉണ്ടായിരുന്നതുമില്ല. ചുരുക്കത്തിൽ, ധാന്യസംരക്ഷണത്തിനുള്ള മികച്ച ഒരു കീടനാശിയാണു് ഉണങ്ങിയ വേപ്പില. വേപ്പില പോലെ കീടനാശിയായി ഉപയോഗിക്കാവുന്ന ആയിരത്തിത്തൊള്ളായിരത്തി അറുപത്തിരണ്ടുതരം സസ്യങ്ങൾ ഇതിനകം തിരിച്ചറിയപ്പെട്ടിട്ടുണ്ടു്. ജൈവരാസവസ്തുക്കൾ നിർമിക്കാൻ ഉതകുന്നവയായി നാലു ലക്ഷത്തിലേറെ സസ്യങ്ങൾ ഇപ്പോഴും ഭൂമിയിൽ ഉണ്ടത്രേ. മനുഷ്യർക്കു് ആവശ്യമുള്ള എല്ലാ ഔഷധങ്ങളും, കീടനാശികളും, ചായങ്ങളും, മററു പല വസ്തുക്കളും, സസ്യങ്ങളിൽനിന്നു കിട്ടും. രാസവസ്തുക്കളുടെ ആവശ്യം നിർവഹിക്കുന്നതിനുവേണ്ടി യൂണിയൻ കാർബൈഡു് പോലുള്ള അന്താരാഷ്ട്രക്കുത്തകകൾ സൃഷ്ടിച്ചു്, കൃത്രിമമായി വിഷങ്ങൾ നിർമിച്ചു്, ആളുകളെ കൂട്ടത്തോടെ കൊല്ലേണ്ട യാതൊരു ആവശ്യവുമില്ല. ഇനി, ആളുകളെ കൊല്ലലാണു് ഉദ്ദേശ്യമെങ്കിൽ രാസവിഷ—കീടനാശികൾ നിർമിക്കുന്ന ഇപ്പോഴത്തെ സമ്പ്രദായം തുടരുകതന്നെ വേണം!

പല വ്യത്യസ്ത സസ്യങ്ങളിൽനിന്നും കീടനാശികൾ ഉണ്ടാക്കാമെങ്കിലും ഈ വിഷയത്തിൽ വേപ്പിനുള്ള പ്രാധാന്യം ഒന്നു വേറെതന്നെ. ദക്ഷിണേഷ്യയിൽ രണ്ടുകോടിയിലേറെ വേപ്പുമരങ്ങൾ വഴിവക്കുകളിൽ തണൽ വിരിച്ചുനിൽക്കുന്നുണ്ടു്. ഒരു ശുശ്രൂഷയും ആവശ്യമില്ലാത്ത വേപ്പുകൾ വേനൽ മൂക്കുമ്പോളാണു തളിർക്കുക. ഒരിക്കലും ഇവയ്ക്കു് ഇല പൊഴിയൽ ഇല്ല. ഏതു തരിശുനിലത്തും വേപ്പു് വളരും. ഏഷ്യയിൽ നിന്നു് വേപ്പു് ആഫ്രിക്കയിലും അമേരിക്കയിലും കടന്നുകൂടിയിട്ടുണ്ടു്.

'ദരിദ്രരാജ്യങ്ങൾക്കുവേണ്ടി ദൈവം ജനിതക—എൻജിനീയറിങ്ങിലൂടെ ഉണ്ടാക്കിയെടുത്ത ഒരു അത്ഭുത നിർമിതിയാണു് വേപ്പുമരം. ഭക്ഷ്യധാന്യങ്ങളെയും വിളകളെയും കീടങ്ങളിൽനിന്നു രക്ഷിക്കുവാനും, വളമായും, ധാരാളം പ്രോട്ടീൻ ഉള്ള കാലി—കോഴിത്തീററയായും, രക്തദോഷം, വാതം, നേത്രരോഗങ്ങൾ, ത്വഗ്‌രോഗങ്ങൾ, മൂത്രാശയരോഗങ്ങൾ എന്നിവയ്ക്കുള്ള മരുന്നായും, കൊതുക്കളെ അകററാനും, മണ്ണിലെ സൂക്ഷ്മ വിരകളെയും (നെമറേറാഡുകളെയും) മററു് സസ്യ—പരാദങ്ങളെയും (പാരസൈററ്) നശിപ്പിക്കാനും, വീടുകൾ, കലപ്പകൾ, തോണികൾ മുതലായവ ഉണ്ടാക്കാനും, യന്ത്രങ്ങൾക്കു മെഴുക്കിടുവാനും, സോപ്പ്, കടലാസ്, പ്ളാസ്ററിക്കുകൾ, പശകൾ, ചായ—എണ്ണകൾ, ഹാർഡ്ബോർഡ് എന്നിവ നിർമിക്കാനും, പല്ലുതേക്കാനുള്ള ബ്രഷും പേയ്സ്ററും ആയും, ഗർഭനിരോധൗഷധമായും വേപ്പിൻെറ വിവിധ ഭാഗങ്ങൾ ഉപയോഗപ്പെടുത്താം—' അങ്ങനെ പോകുന്നു ഒരു വേപ്പുമാഹാത്മ്യവർണന!

വേപ്പിൻെറ കാര്യത്തിൽ ആദ്യമായി ശ്രദ്ധിച്ചുതുടങ്ങിയ പാശ്ചാത്യരാജ്യം പടിഞ്ഞാറെ ജർമനിയാണു്. 1978—ൽ അവിടെ 'വേപ്പുഗവേഷണം' തുടങ്ങി. ഗീസ്സൻ യൂണിവേഴ്സിററിയിലും മ്യൂണിക്കിന്നടുത്തുള്ള മാക്സ് പ്ലാങ്ക് ഇൻസ്ററിററ്യൂട്ടിലുമാണു് ഈ ഗവേഷണം കേന്ദ്രീകരിച്ചിട്ടുള്ളതു്. മാക്സ് പ്ലാങ്ക് ഇൻസ്ററിററ്യൂട്ട് 1980—ലും 1983—ലും രണ്ടു് അന്താരാഷ്ട്രീയ വേപ്പുസമ്മേളനങ്ങൾ നടത്തുകയുണ്ടായി.

വേപ്പിലസ്സത്തു വെള്ളത്തിൽ കലക്കി തളിച്ചാൽ വിളകളെ വെട്ടുകിളികളിൽനിന്നു രക്ഷിക്കാമെന്നു് 1937—ൽ ഇന്ത്യൻ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരുന്നു. 1970—ൽ ബ്രിട്ടീഷ് ശാസ്ത്രജ്ഞന്മാർ വേപ്പിൽനിന്നു് 'ആസാഡിരക്തിൻ' എന്നൊരു വസ്തു വേർതിരിച്ചെടുത്തു. പലതരം ചാഴികളുടെ ഭക്ഷണാഭിരുചി നശിപ്പിക്കാനും വളർച്ച തടയാനും ഈ വസ്തുവിനു് അത്ഭുതകരമായ കഴിവുണ്ടു്. ഇതു തട്ടിയ ചാഴികൾക്കു മുട്ടയി

ടാനുള്ള ശേഷി തൊണ്ണൂറഞ്ചു ശതമാനം വരെ കുറയുന്നതായി കാണപ്പെട്ടു.

നെൽപ്പാടങ്ങളിലെ ചാഴിക്കേടു തടയാൻ വേപ്പെണ്ണയ്ക്കു കഴിവുണ്ടെന്നു് ഫിലിപ്പീൻസിലെ അന്താരാഷ്ട്രീയ നെല്ല ഗവേഷണ കേന്ദ്രത്തിൽ നടത്തിയ പരീക്ഷണങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടു്. വയലുകളിലെ വെള്ളത്തിൽ വളർന്നു്, നൈട്രജൻ ഉൽപ്പാദനം തടയുന്ന ചെറിയ തൊണ്ടുജീവികളെയും (ക്രസ്റ്റേഷ്യനുകളെയും) വേപ്പെണ്ണ നശിപ്പിക്കും. വേപ്പെണ്ണ ഉപയോഗിച്ചുള്ള ഇത്തരം പരീക്ഷണങ്ങൾ ബാംഗ്ലാദേശ്, ബ്രിട്ടൻ, ചൈന, ഇസ്രായേൽ, കെനിയ, നൈജീരിയ, തായ്‌ലാൻഡ് മുതലായ പല രാജ്യങ്ങളിലും നടത്തി ഫലം കണ്ടിട്ടുണ്ടു്. വേപ്പിൽനിന്നു് ഒരു 'സർവകീടനാശി' (ബ്രോഡ്സ്പെക്ട്രം പെസ്റ്റിസൈഡ്) ഉണ്ടാക്കുന്നതിൽ അമേരിക്കൻ സർക്കാരിന്റെ കാർഷികവകുപ്പ് സഹകരിച്ചുവരുന്നു.

വേപ്പിൻകുരു അരച്ചു കലക്കിത്തളിച്ചാൽ പുകയിലച്ചെടികളിലെ പുഴക്കേടു തടയാമെന്നു് രാജമഹേന്ദ്രിയിലെ കേന്ദ്രപുകയില ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ തെളിയിച്ചിട്ടുണ്ടു്. ഇപ്പോൾ ആന്ധ്രപ്രദേശത്തിലെ പുകയിലക്കൃഷിക്കാർ തങ്ങളുടെ വിള രക്ഷിക്കാൻ ഈ മാർഗം അവലംബിച്ചുവരുന്നുണ്ടത്രേ. കീടനാശിയെന്നപോലെ നല്ല വളവുമാണു് വേപ്പിൻകുരുദ്രാവകം. ഇന്ത്യയിൽ ആണ്ടുതോറും നാലുലക്ഷം ടൺ വേപ്പിൻകുരു വിളയുന്നുണ്ടു്. ഇതിൽ കഷ്ടിച്ചു് ഇരുപതുശതമാനമേ ശേഖരിച്ചു് എണ്ണയാട്ടാൻ ഉപയോഗിക്കാറുള്ളൂ. ബാക്കിയെല്ലാം വെറുതെ പോകുന്നു. എന്തുകൊണ്ടു് വിളയുന്ന വേപ്പിൻകുരു മുഴുവൻ നാം ഉപയോഗിച്ചുകൂടാ?

വേപ്പെണ്ണ ഇപ്പോൾ മുഖ്യമായും പ്രയോജനപ്പെടുന്നതു സോപ്പുണ്ടാക്കാനാണു്. വേപ്പിൻപിണ്ണാക്ക് വളമായി ഉപയോഗിച്ചുവരുന്നു. വേപ്പിൻപിണ്ണാക്കും യൂറിയയും കലർത്തിയ വളം നൽകിയാൽ നെല്ലിന്റെ വിളവു നാൽപ്പതു ശതമാനംവരെ ഉയരുമെന്നു കണ്ടിട്ടുണ്ടു്. വിലകൂടിയ യൂറിയ നഷ്ടപ്പെടാതെ ചെടികൾക്കു ലഭ്യമാക്കുന്നതിൽ അതുല്യമായ സഹായം വേപ്പിൻപിണ്ണാക്കു നൽകുന്നു.

വേപ്പിൻപിണ്ണാക്കു് കാലിത്തീറ്റയും കോഴിത്തീറ്റയുമായി ഉപയോഗിക്കുന്നതു സംബന്ധിച്ച പഠനങ്ങൾ പൂണേയിലെ നാഷണൽ കെമിക്കൽ ലബോറട്ടറിയിൽ നടന്നിട്ടുണ്ടു്.

ഔറംഗാബാദിലെ ഗവണ്മെന്റ് മെഡിക്കൽകോളേജിൽ, വേപ്പിന്റെ ഗർഭനിരോധശക്തി പരീക്ഷിക്കപ്പെടുകയുണ്ടായി. വേപ്പിലയിൽനിന്നെടുത്ത സത്തു് ആണെലികൾക്കു തിന്നാൻ കൊടുത്തപ്പോൾ, അവയുടെ സന്താനോല്പാദനശേഷി ആറാഴ്ചക്കാലത്തോളം തടയപ്പെട്ടുകണ്ടു. മറ്റൊരു കുഴപ്പവും അവയ്ക്കു വന്നതുമില്ല. കലർപ്പുചേർക്കാത്ത വേപ്പെണ്ണ ഗർഭനിരോധകജെല്ലിയായി ഉപയോഗപ്പെടുത്താമെന്നു് ദില്ലിയിലെ 'ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിയോളജി'യിൽ നടത്തിയ പരീക്ഷണങ്ങൾ തെളിയിച്ചു.

വിഷാംശമില്ലാത്ത, വളക്കൂറുള്ള, കീടനാശി എന്ന നിലയിൽ വേപ്പിന്റെ ഇല, കുരു, എണ്ണ, പിണ്ണാക്കു് എന്നിവ വളരെ വിപുലമായി പ്രയോജനപ്പെടുത്താമെന്നു വ്യക്തം.

നമ്മുടെ കാർഷിക സർവ്വകലാശാല ഇതു വല്ലതും ശ്രദ്ധിക്കുന്നുണ്ടോ?

3 നവംബർ, 1985